# മറയൂർ ശർക്കരയ്ക്കു ഭൗമസൂചികാ പദവി: നടപടി തുടങ്ങി

Manorama 31.12.17

മണ്ണുത്തി ● മറയൂർ ശർക്കരയ്ക്ക് ഭൗമ സൂചികാ പദവി ലഭ്യമാക്കുന്നതിനുള്ള ഒരുക്കങ്ങൾ ഉടൻ പൂർത്തിയാക്കും.

ഇതുസംബന്ധിച്ച അപേക്ഷ ഉടൻ സമർപ്പിക്കാൻ മന്ത്രി വി.എസ്.സുനിൽകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.

കാർഷിക സർവകലാശാല ബൗദ്ധിക സ്വത്തവകാശ സെല്ലാണ് മറയൂർ ശർക്കരയുടെ ഭൗമ സൂചികാ പദവി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനത്തിനു പിന്നിൽ.



മറയൂർ ശർക്കര.

കൃഷി വകുപ്പിന്റെയും കാന്തല്ലൂർ-മറയൂർ മേഖലയിലെ ശർക്കര ഉൽപാദകരുടെയും കർഷകരുടെയും പിന്തുണയോടെയാണ് ബൗദ്ധിക സ്വത്തവകാശ സെല്ലിന്റെ പ്രവർത്തനങ്ങൾ.

യോഗത്തിൽ ഡോ.ആർ.ചന്ദ്രബാബു, ഗവേഷണ ഡയറക്ടർ ഡോ.പി.ഇന്ദിരാദേവി, ബൗദ്ധിക സ്വത്തവകാശ സെൽ കോ-ഓർഡിനേറ്റർ ഡോ.സി.ആർ.എൽസി, മറയൂർ കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.